## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859** **12-06-2024 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ പുതുതലമുറയുടെ പുരോഗതി വിദ്യാഭ്യാസ വ്യാപനത്തിലൂടെ സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോട്ടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കി ആയത് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതും ഉറപ്പാക്കുക.<br>2. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക.<br>3. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രേഡുകളും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക. |
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**സാമൂഹ്യപഠനമുറി**<br><br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി **2017-18** വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. |

നിലവിൽ **364** സാമൂഹ്യ പഠനമുറികൾ കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നു.

**<u>ഗോത്രബന്ധു</u>**

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ **326** മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ചു നൽകുന്നു.

**<u>വിദ്യാവാഹിനി</u>**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്ര സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, പിന്നീട് പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് 2023-24 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്നു.

**<u>രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം</u>**

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**<u>സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ</u>**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോഴുണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് (എൽ.പി വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും യു.പി.വിഭാഗം വിദ്യാർത്ഥികൾക്ക് 900/- രൂപയും ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), പ്രതിമാസ സ്റ്റൈപന്റ് (200/-രൂപ) എന്നിവയും നൽകി വരുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 500/- രൂപ നിരക്കിൽ ലംപ്സം ഗ്രാന്റ് അനുവദിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | **<u>9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായം സ്കോളർഷിപ്പ്.</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ **9,10** ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം **2250/-** രൂപ സ്കോളർഷിപ്പ് ഇനത്തിലും **750/-** രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം **5250/-** രൂപയും**, 1000/-** രൂപയും നൽകുന്നു.<br><br>**<u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br><br>അക്കാഡമിക് കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് ടു കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3000/- രൂപയും, ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് യഥാക്രമം 4500/-,6000/- രൂപ നിരക്കിൽ നൽകി വരുന്നു. |
| (സി) | മുൻ വർഷങ്ങളിൽ പഠനം പൂർത്തീകരിച്ചിട്ടും പരീക്ഷ എഴുതാൻ കഴിയാതെ സ്കൂൾ വിട്ടുപോയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് ഇത്തരത്തിൽ ഒരു വിവര ശേഖരണം നടത്തിയില്ല. എന്നാൽ ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഓരോ വർഷവും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സ്കൂളിൽ ചേരേണ്ട കുട്ടികളുടെ വിവരം ഊര്, സെറ്റിൽമെന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഓരോ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, മെന്റർ ടീച്ചർമാർ എന്നിവരുടെ സഹായത്തോടുകൂടി പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളുകളിൽ പ്രവേശനം നേടുന്നതിനുള്ള നടപടികൾ സ്വീരിക്കുകയും പ്രവേശനം നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |
| (ഇ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലും തിരികെ വീട്ടിലും എത്തിക്കാൻ വേണ്ടി ആരംഭിച്ച 'വിദ്യാവാഹിനി പദ്ധതി' കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഇ) | പൊതുഗതാഗത സംവിധാനമില്ലാത്തതും ദുർഘടമായ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പ്രത്യേകിച്ച് വനത്തിനുള്ളിലോ വനത്തിന് സമീപത്തോ താമസിക്കുന്ന മറ്റ് വാഹന സൗകര്യം സുഗമമായി ലഭ്യമല്ലാത്ത സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വന്തം ഊരുകളിൽ നിന്ന് സ്കൂളുകളിൽ പോയി വരാൻ വാഹനസൗകര്യം അനുവദിച്ച് നൽകിയിരുന്ന പദ്ധതിയായ ഗോത്രസാരഥിയുടെ മാർഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് 2023-24 അദ്ധ്യയന |

| | | | |
|---|---|---|---|
| | | | വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>വിദ്യാവാഹിനി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നത് വിലയിരുത്തുന്നതിനായി ഓരോ സ്കൂളുകളിലും ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>(എ) സ്കൂൾ ഹെഡ് മാസ്റ്റർ - കൺവീനർ<br><br>(ബി) സ്കൂൾ പി.ടി.എ പ്രസിഡന്റ് - പ്രസിഡന്റ്<br><br>(സി) സ്ഥലത്തെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ - ജോയിന്റ് കൺവീനർ<br><br>(ഡി) സ്ഥലം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ - അംഗം<br><br>(ഇ) സ്കൂളിലെ സീനിയർ അദ്ധ്യാപകൻ - അംഗം<br><br>(എഫ്) സ്ഥലത്തെ പട്ടികവർഗ പ്രൊമോട്ടർ പട്ടികവർഗ വികസന വകുപ്പിന്റെ സോഷ്യൽ വർക്കർ/ മെന്റർ ടീച്ചർമാർ - അംഗങ്ങൾ<br><br>കൂടാതെ ഡയറക്ടറേറ്റ് തലത്തിലും, ജില്ലാതലത്തിലും റിവ്യൂ നടത്തിയും ഓരോ തലത്തിലും 10% Random Check നടത്തിയും പദ്ധതി കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ജില്ല | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 (Provisional) |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 14 | 6 | 14 | 1 | 1 | 0 | 0 |
| കൊല്ലം | 4 | 2 | 10 | 0 | 1 | 0 | 4 |
| പത്തനംതിട്ട | 1 | 1 | 1 | 0 | 1 | 0 | 8 |
| ആലപ്പുഴ | 0 | 0 | 0 | 0 | 0 | 3 | 0 |
| കോട്ടയം | 12 | 1 | 11 | 2 | 2 | 3 | 15 |
| ഇടുക്കി | 75 | 62 | 99 | 0 | 38 | 35 | 44 |
| എറണാകുളം | 8 | 34 | 18 | 1 | 4 | 4 | 21 |
| തൃശ്ശൂർ | 20 | 23 | 2 | 4 | 14 | 14 | 7 |
| പാലക്കാട് | 89 | 49 | 85 | 2 | 23 | 80 | 32 |
| മലപ്പുറം | 86 | 91 | 71 | 11 | 53 | 19 | 8 |
| കോഴിക്കോട് | 8 | 2 | 27 | 0 | 1 | 4 | 5 |
| വയനാട് | 706 | 570 | 466 | 22 | 65 | 147 | 274 |
| കണ്ണൂർ | 42 | 48 | 22 | 39 | 1 | 30 | 37 |
| കാസർഗോഡ് | 20 | 30 | 35 | 2 | 7 | 16 | 13 |
| **ആകെ** | **1085** | **919** | **861** | **84 കോവിഡ്** | **211** | **355** | **468** |